(ഡി) കുട്ടനാട്ടിൽ വിവിധ നദികളിലൂടെ ഒഴുകിയെത്തുന്ന വെള്ളം എത്രയെന്നും ഇവയുടെ തീരപ്രദേശത്തിനുവേണ്ട വെള്ളം എത്രയെന്നും ഈ സ്ഥാപനം കണ്ടെത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) മൂവാറ്റുപുഴ, മീനച്ചിൽ, മണിമല, പമ്പ, അച്ചൻകോവിൽ എന്നീ അഞ്ച് നദികളും പെരിയാറിന്റെ തെക്ക് ഭാഗത്തുള്ള മാർത്താണ്ഡവർമ്മ ശാഖയും വേമ്പനാട്ട് കായലിലേയ്ക്ക് ഒഴുകിയെത്തുന്നു. 2051 ആകുമ്പോഴേയ്ക്കും മൂവാറ്റുപുഴ, മീനച്ചിൽ, മണിമല, പമ്പ, അച്ചൻകോവിൽ എന്നീ നദീതടങ്ങളിൽ യഥാക്രമം 1671; 203; 398; 3537; 459 ദശലക്ഷം ഘനമീറ്റർ വാർഷിക ജലദൗർലഭ്യം അനുഭവപ്പെടുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതുമൂലം കുടിവെള്ളക്ഷാമവും, വ്യവസായങ്ങൾക്ക് ജലക്ഷാമവും, ലവണജല അധിനിവേശവും, പരിസ്ഥിതി പ്രശ്നവും ഉണ്ടാകാനിടയുണ്ട്.

(ഡി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്. †

അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്

69 [526] ശ്രീ. കളത്തിൽ അബ്ദുള്ള:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി പണി മുടങ്ങിക്കിടക്കുന്ന എ. വി. ഐ. പി. (അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിന്റെ) പണി തുടങ്ങുന്ന കാര്യത്തിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു;

(ബി) എങ്കിൽ എന്നു മുതൽ പണി തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ;

(സി) പണി തുടങ്ങണമെന്നാവശ്യപ്പെട്ട് ബഹുജന സമരങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ ആന്റ് ബി) അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിന്റെ പണി പുനരാരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly